**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2942** **24-02-2026 - ൽ മറുപടിയ്ക്ക്**

**പുതുമുഖ സംവിധായകർക്ക് ലഭ്യമാക്കുന്ന സഹായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പുതുമുഖ സംവിധായകർക്ക് സിനിമ ചിത്രീകരിക്കുന്നതിന് സർക്കാർ നേരിട്ടോ മറ്റേതെങ്കിലും ഏജൻസികൾ വഴിയോ ലഭ്യമാക്കുന്ന സഹായങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (എ) | സർക്കാർ വനിതാ സംവിധായകർക്കായി 2019-2020 സാമ്പത്തികവർഷം മുതൽ സിനിമ നിർമ്മാണത്തിനായി പ്രതിവർഷം ഒന്നരകോടി രൂപ വീതം രണ്ട് സിനിമകൾ നിർമ്മിക്കുന്നതിന് കെ.എസ്.എഫ്.ഡി.സി. മുഖേന ധനസഹായം നൽകിവരുന്നു. SC/ST വിഭാഗക്കാർക്കായി 2021-2022 സാമ്പത്തികവർഷം മുതൽ സിനിമ നിർമ്മാണത്തിനായി ഒന്നരകോടി രൂപ വീതം രണ്ട് സിനിമകൾ നിർമ്മിക്കുന്നതിന് കെ.എസ്.എഫ്.ഡി.സി. മുഖേന ധനസഹായം നൽകിവരുന്നു. ഈ പദ്ധതി പ്രകാരം നാളിതുവരെ 8 സിനിമകൾ റിലീസ് ചെയ്യുകയും 2 സിനിമകളുടെ സെൻസറിംഗ് പൂർത്തീകരിച്ച് സിനിമ റിലീസ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയും ചെയ്യുന്നു. |
| (ബി) | ഇത്തരത്തിൽ സഹായം ലഭ്യമാക്കുന്ന ചലച്ചിത്രങ്ങളുടെ പകർപ്പവകാശം സംബന്ധിച്ച് എന്തെങ്കിലും പ്രത്യേക നിബന്ധനകൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | മേൽ സൂചിപ്പിച്ച വനിതാ/SC/ST വിഭാഗക്കാർക്കായുള്ള സിനിമാ പദ്ധതി പ്രകാരം സർക്കാർ ധനസഹായം ലഭ്യമാക്കുന്ന സിനിമകളുടെ പകർപ്പവകാശം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ നിക്ഷിപ്തമാണ്. |
| (സി) | കഴിഞ്ഞ പത്ത് വർഷക്കാലത്തിനുള്ളിൽ ഇത്തരത്തിൽ ലഭ്യമാക്കിയ സഹായങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (സി) | കഴിഞ്ഞ പത്തുവർഷകാലയളവിൽ കെ.എസ്.എഫ്.ഡി.സി. സർക്കാർ ധനസഹായം ഉൾപ്പെടുത്തി പൂർത്തീകരിച്ച ചിത്രങ്ങളും, നിർമ്മാണത്തിൽ ഇരിക്കുന്ന ചിത്രങ്ങളെയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| Sl. No. | Film | Category | Present Status |
|---|---|---|---|
| 1 | Nishiddho | Women Cinema Scheme | Released |
| 2 | Divorce | Women Cinema Scheme | Released |
| 3 | B 32 muthal 44 vare | Women Cinema Scheme | Released |
| 4 | Nila | Women Cinema Scheme | Released |
| 5 | Ariku | SC/ST Cinema Scheme | Released |
| 6 | Churul | SC/ST Cinema Scheme | Released |
| 7 | Pralayasesham oru jalakanyaka | SC/ST Cinema Scheme | Released |
| 8 | Victoria | Women Cinema Scheme | Released |
| 9 | Kaadu | SC/ST Cinema Scheme | Film Censored |
| 10 | Mumtha | Women Cinema Scheme | Film Censored |

### പദ്ധതി പ്രകാരം തിരഞ്ഞെടുക്കപ്പെട്ടവ :-

| Sl. No. | Film | Category | Present Status |
|---|---|---|---|
| 1 | Cafe Unlimited | Women Cinema Scheme | Work of the Film not yet started |
| 2 | Koothu | Women Cinema Scheme | Work of the Film not yet started |
| 3 | Aattumali | SC/ST Cinema Scheme | Principal Photography of the Film only completed |
| 4 | Break Sukumaran | SC/ST Cinema Scheme | Work of the Film not yet started |

സെക്ഷൻ ഓഫീസർ